പാഠ പുസ്തകങ്ങളുടെ അച്ചടി

* 402 [462]. [ശ്രീ. ടി. കെ. അറുമുഖൻ :

,, വി. ജെ. തങ്കപ്പൻ :

,, പി. സി. തോമസ് :

,, എ. കെ. പത്മനാഭൻ :

,, കെ. പി. അരവിന്ദാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1985 ജൂൺ 10-ാം തീയതിക്കകം സംസ്ഥാനത്തെ എല്ലാ സ്ക്കൂൾ പാഠ പുസ്തകങ്ങളും വിദ്യാലയങ്ങളിൽ എത്തിക്കുമെന്ന വിദ്യാഭ്യാസമന്ത്രിയുടെ ഉറപ്പു പാലിക്കപ്പെടുകയുണ്ടായോ ;

(ബി) ഇല്ലെങ്കിൽ കാരണമെന്താണ് ;

(സി) മലയാളം മീഡിയം ക്ലാസ്സുകളിലേക്കുള്ള പാഠ പുസ്തകങ്ങൾ ഇതുവരെ വിദ്യാർത്ഥികൾക്കു ലഭിച്ചിട്ടില്ലെന്നറിയുന്നതു ശരിയാണോ ;

(ഡി) 9-ാം ക്ലാസ്സിലെ ഏതെല്ലാം പുസ്തകങ്ങളുടെ അച്ചടിയാണ് ഇനിയും പൂർത്തിയാക്കാനുള്ളത് ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) :

(എ) ആറാം ക്ലാസിലെയും ഒൻപതാം ക്ലാസിലെയും പുതുക്കിയ പാഠ പുസ്തകങ്ങൾ ഒഴികെയുള്ള പാഠപുസ്തകങ്ങളെല്ലാംതന്നെ പ്രസ്തുത കാലയളവിൽതന്നെ സംസ്ഥാനത്തെ എല്ലാ സ്ക്കൂളുകളിലും എത്തിച്ചിട്ടുണ്ട്.

(ബി) ഈ അദ്ധ്യയന വർഷത്തിൽ പുതുക്കിയ പാഠപുസ്തകങ്ങളുടെ അച്ചടി യഥാസമയം പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല.

(സി) ഒൻപതാം ക്ലാസിലെ പുതുക്കിയ ചില മലയാള പാഠ പുസ്തകങ്ങളുടെ അച്ചടി ഇതുവരെ പൂർത്തിയായിട്ടില്ല.

(ഡി) ഊർജ്ജതന്ത്രം, ഭൂമിശാസ്ത്രം, ധനതത്വശാസ്ത്രം, ഗണിതം എന്നീ മലയാള പുസ്തകങ്ങളുടെ അച്ചടി പൂർത്തിയായി വരുന്നതേയുള്ളു.

അനധികൃതമായി സ്പിരിറ്റ് കൊണ്ടുവന്നതിന്റെ പേരിലുള്ള കേസുകൾ

* 403 [463]. [ശ്രീ. വി. സി. കബീർ :

,, എ. സി. ഷൺമുഖദാസ് :

,, കെ. കൃഷ്ണൻകുട്ടി :

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :

[ശ്രീ. എം. കെ. കേശവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം അനധികൃതമായി സ്പിരിറ്റു കൊണ്ടുവന്ന ആരുടെയെങ്കിലുംമേൽ കേസെടുത്തിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly